## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3043 — 10-03--2017 -ൽ മറുപടിക്ക്

### വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വരൾച്ചാ ദുരിതാശ്വാസത്തിന് വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ | എ) | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർമാർക്കാണ് ഫണ്ടനുവദിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും വാട്ടർ കിയോസ്കുകൾ പ്രായോഗികമല്ലാത്തയിടങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിന് വേണ്ടി കേന്ദ്രത്തിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ച സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-02-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെട്ടുന്നത്. ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി മെമ്മോറാണ്ടം തയാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ